ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14

ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം. 0471-2323960

വെബ്സൈറ്റ് : www.ims.kerala.gov.in

നമ്പർ. ഡി3-10589/2020/ഡി.ഐ.എം.എസ്. തീയതി: 21.12.2021

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം:- ഇ.മെ.സ.വകുപ്പ് - എ.ഐ.എം.ഒ. ഡോ. മരിയ ജോസഫിനെതിരെയുള്ള അച്ചടക്കനടപടി - സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഫയൽ നം. E3-17198/2019/DIMS
2. മധ്യ മേഖല ആർ.ഡി.ഡി.യുടെ 22.04.2020-ലെ ഇ 1-1615/2020/RDDCZ നം. കത്ത്
3. 12.05.2020-ലെ മെമ്മോ നം. E1-4822/2020/DIMS
4. 21.05.2020 തീയതിയിലെ മെമ്മോ നം.E3- 17198/2019/DIMS
5. 02.06.2020-ലെ ഡോ. മരിയ ജോസഫിന്റെ കത്ത്
6. 28.07.2020-ലെ ഇതേ നം. ഉത്തരവ്
7. 15.09.2020-ലെ ഇതേ നം. കുറ്റപത്രം
8. 20.10.2020,21.10.2021 തീയതികളിലെ യഥാക്രമം ഇതേ നം. ഉത്തരവും നോട്ടീസും
9. ഔപചാരിക അന്വേഷണ റിപ്പോർട്ട് തീയതി 13.12.2021

1. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ 09.05.2019-ന് ജോലിയിൽ പ്രവേശിച്ച ഡോക്ടർ മരിയ ജോസഫ് എന്ന താങ്കൾ 01.08.2019 മുതൽ 180 ദിവസത്തേക്ക് പ്രസവാവധി ആവശ്യപ്പെടുകയും ആയത് അനുവദിച്ച നൽകുകയും ചെയ്തിരുന്നു. അവധി അനുവദിച്ച ഉത്തരവിൽ അവധിക്കു ശേഷം 28.01.2020-ന് തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ അവധി കഴിഞ്ഞു തിരികെ ജോലിയിൽ പ്രവേശിക്കാതെ 28.01.2020 മുതൽ മൂന്നു വർഷത്തേക്ക് പഠനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട കത്ത് നൽകി അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുകയായിരുന്ന താങ്കളുടെ അനധികൃത ഹാജരില്ലായ്മ മേൽസൂചന (2) പ്രകാരം മധ്യ മേഖല ആർ.ഡി.ഡി. റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന് അനുവദിക്കപ്പെട്ട പ്രസവാവധി കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നതിനാൽ 7 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ നിയമാനുസൃത അച്ചടക്ക നടപടി സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് മേൽസൂചന (3) പ്രകാരം താങ്കൾക്ക് മെമ്മോ നൽകിയിരുന്നു. എന്നാൽ താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും അനുമതിയില്ലാതെ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിന് ചേരുകയും ചെയ്ത താങ്കൾക്ക് മേൽസൂചന (4) പ്രകാരം ഒരു മെമ്മോ കൂടി നൽകിയിരുന്നു. മെറ്റേണിറ്റി ലീവിനുശേഷം തിരികെ ജോലിയിൽ പ്രവേശിക്കാത്തതും വകുപ്പ് മേധാവിയുടെ എൻ. ഒ. സി. വാങ്ങാതെ

സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിന് ചേർന്നതും, ചേർത്തല ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ യഥാവിധി ലീവപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കാൻ രേഖാമൂലം അറിയിച്ചതിന് പ്രതികരിക്കാതിരുന്നതും അച്ചടക്കലംഘനങ്ങളായതിനാൽ മെമ്മോ കൈപ്പറ്റി മൂന്ന് ദിവസത്തിനകം വിശദീകരണം നൽകിയില്ലെങ്കിൽ അച്ചടക്ക നടപടികൾ ആരംഭിക്കുമെന്നാണ് മേൽസൂചന (4) മെമ്മോ പ്രകാരം താങ്കളെ അറിയിക്കുകയുണ്ടായത്. ടി മെമ്മോയ്ക്ക് മേൽസൂചന (5) പ്രകാരം താങ്കൾ നൽകിയ മറുപടിയിൽ 27.01.2020 വരെ താൻ മെറ്റേണിറ്റി ലീവിൽ ആയിരുന്നുവെന്നും 28.01.2020 മുതൽ, നീറ്റ് എൻട്രൻസ് പരീക്ഷയിലൂടെ അഡ്മിഷൻ ലഭിച്ച നിയോനേറ്റോളജി സൂപ്പർ സ്പെഷ്യലിറ്റി കോഴ്സിന് ചേരുന്നതിനു വേണ്ടി മൂന്നു വർഷത്തെ അവധിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ പുനഃസമർപ്പിക്കുവാൻ നിർദേശിച്ചുവെന്നും, കോവിഡ് 19 കാരണവും യാത്രാ നിയന്ത്രണങ്ങൾ ഉള്ളതിനാലും കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് താമസം നേരിട്ടുവെന്നും പിന്നീട് സമർപ്പിച്ചുവെന്നും അറിയിക്കുകയുണ്ടായി. തിരികെ ജോലിയിൽ പ്രവേശിക്കാത്ത താങ്കളെ ടി സാഹചര്യത്തിൽ മേൽസൂചന (6) പ്രകാരം അന്വേഷണ വിധേയമായി സർവീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയുണ്ടായി. താങ്കൾക്കെതിരെ KCS (Classification, Control & Appeal) Rules 1960 പ്രകാരം അച്ചടക്കനടപടികൾ ആരംഭിക്കുകയും മേൽസൂചന (7) പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. ടി കുറ്റപത്രത്തിൽ താഴെപ്പറയുന്ന കുറ്റങ്ങളാണ് താങ്കൾക്കെതിരെ ചുമത്തിയിരുന്നത്.

1. ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിചെയ്തുവരവെ 28.01.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്നു.

2. 28.01.2020 മുതൽ വകുപ്പിന്റെ അനുമതിയില്ലാതെ സൂപ്പർ സ്പെഷ്യാലിറ്റി പഠനത്തിനായി സ്വയം അവധിയിൽ പ്രവേശിച്ചു.

3. പ്രൊബേഷൻ കാലയളവിൽ അനുമതിയില്ലാതെ ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും പഠനാവശ്യത്തിനായി സ്വയം അവധി പ്രഖ്യാപിക്കുകയും ചെയ്ത് ഗുരുതരമായ അച്ചടക്കലംഘനം നടത്തി

4. വകുപ്പ് മേധാവിയുടെയും കൺട്രോളിംഗ് ഓഫീസർമാരുടെയും അറിയിപ്പ് വകവയ്ക്കാതെ അനധികൃതമായി ജോലിയിൽനിന്നു വിട്ടു നില്ക്കുക വഴി സർക്കാർ സംവിധാനങ്ങളോട് കടുത്ത അനാദരവ് പ്രകടിപ്പിച്ചു.

2. കുറ്റപത്രത്തിനു താങ്കൾ മറുപടി നൽകുകയോ മേൽസൂചന (8) പ്രകാരം താങ്കളെ അറിയിച്ചിരുന്ന ഔപചാരിക അന്വേഷണ ദിവസം ഹാജരാവുകയോ ചെയ്യുകയുണ്ടായില്ല. 01.08.2019 മുതൽ താങ്കൾക്ക് 180 ദിവസത്തേക്ക് മെറ്റേണിറ്റി ലീവ് അനുവദിച്ചിരുന്നതായി രേഖകളിൽ നിന്ന് മനസിലാക്കാവുന്നതാണ്. (ഉത്തരവ് നമ്പർ ഇ 3 17189/2019/DIMS/ തീയതി: 09.10.2019). 180 ദിവസത്തെ മെറ്റേണിറ്റി ലീവിനു ശേഷം 28.01.2020-നു ജോലിയിൽ പ്രവേശിക്കാതെ 30.01.2020-നു ചേർത്തല ഐ. എം. ഒ. യ്ക്ക് വെള്ള പേപ്പറിൽ ഒരു കത്ത് നൽകുകയും ടി കത്തിൽ തനിക്ക് 28.01.2020 മുതൽ മൂന്നു വർഷത്തേക്ക്

കാഞ്ചി കാമകോടി ചൈൽഡ്സ് ഹോസ്പിറ്റലിൽ DNB സൂപ്പർ സ്പെഷ്യലിറ്റി കോഴ്സിന് ചേരുന്നതിനായി ലീവ് അനുവദിക്കണമെന്ന് അപേക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ ലീവ് നിശ്ചിത അപേക്ഷ ഫോറത്തിൽ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കുന്നതിന് ചേർത്തല ഇ. എസ്. ഐ. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ രേഖാമൂലം താങ്കളെ അറിയിക്കുകയുണ്ടായി. ഇതിനു മറുപടിയായി ലീവ് അപേക്ഷ ഫോറമായ ഫോറം 13-ൽ അപേക്ഷ സമർപ്പിക്കുകയും കോഴ്സ് സർട്ടിഫിക്കറ്റ് പഠിക്കുന്ന സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന് കത്തയക്കുകയും ചെയ്തിരിന്നു. കോഴ്സ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്താതെ പഠനാവശ്യത്തിനുള്ള ലീവ് അപേക്ഷ വകുപ്പ് മേധാവിക്ക് അയക്കാൻ കഴിയാത്തതിനാൽ ഉടനടി തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണെന്ന് താങ്കൾക്ക് അറിയിപ്പ് നൽകിയിട്ടും തിരികെ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. 21.05.2020-ന് താങ്കൾ ഒരു റപ്രസെന്റേഷനും മൂന്ന് വർഷത്തെ പഠനാവശ്യത്തിനുള്ള അവധി അപേക്ഷയും സൂപ്പർ സ്പെഷ്യലിറ്റി കോഴ്സ് സർട്ടിഫിക്കറ്റും ചേർത്തല ഐ. എം. ഒ. യ്ക്കു സമർപ്പിച്ചിരുന്നു. 10.02.2020 തീയതിയിലുള്ള ടി കോഴ്സ് സർട്ടിഫിക്കറ്റിൽ ഡോക്ടർ മരിയ ജോസഫ് എന്ന താങ്കൾ ചെന്നൈ നാഗമ്പാക്കം കാഞ്ചി കാമകോടി ചൈൽഡ്സ് ട്രസ്റ്റ് ഹോസ്പിറ്റലിൽ 26.01.2020 മുതൽ നിയോനാറ്റോളജി മൂന്നു വർഷ ഡി എൻ ബി പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥി ആണെന്നും ടി കോഴ്സ് കാലാവധി 15.12.2022 ആണെന്നും രേഖപ്പെടുത്തിയിരുന്നു. ആയതിനാൽ താങ്കൾക്ക് അനുവദിച്ചിരുന്നതായ മെറ്റേണിറ്റി ലീവ് അവസാനിക്കുന്നതിനു മുൻപ് തന്നെ താങ്കൾ ചെന്നൈ നാഗമ്പാക്കം കാഞ്ചി കാമകോടി ചൈൽഡ്സ് ട്രസ്റ്റ് ഹോസ്പിറ്റലിൽ സൂപ്പർ സ്പെഷ്യലിറ്റി കോഴ്സിന് ചേർന്നിരിക്കുന്നതായി മനസിലാക്കാം. ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറി ഐ.എം.ഒ. ഡോക്ടർ അഗസ്റ്റിനും താങ്കൾ 26.01.2020-നു സൂപ്പർ സ്പെഷ്യലിറ്റി കോഴ്സിനു ചേർന്നിരിക്കുന്ന വിവരം ടി കോഴ്സ് സർട്ടിഫിക്കറ്റിൽ നിന്ന് മനസിലാക്കിയതായി മൊഴി നൽകിയിരുന്നു.

3. ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി പരിശോധിച്ച രേഖയും കുറ്റാരോപിതയായ താങ്കൾ തന്നെ സമർപ്പിച്ചതുമായ കോഴ്സ് സർട്ടിഫിക്കറ്റിൽ നിന്നും താങ്കൾ മെറ്റേണിറ്റി ലീവ് അവസാനിക്കുന്ന തീയതിയായ 27.01.20-ന് മുൻപ് വകുപ്പ് മേധാവിയുടെ അനുമതി കൂടാതെ 26.01.20-നു തന്നെ സൂപ്പർ സ്പെഷ്യലിറ്റി കോഴ്സിന് ചേർന്നിരിക്കുന്നതായി തെളിയുന്നു. ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ 2019 വർഷത്തെ ഹാജർ പുസ്തകത്തിൽ ഓഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ ഡോക്ടർ മരിയ ജോസഫ് മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചതായും പിന്നീട് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം താങ്കൾ 28.01.2020 തീയതി മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് തെളിയുന്നു. പ്രൊബേഷൻപോലും പൂർത്തിയാക്കാത്ത സർക്കാർ ഉദ്യോഗസ്ഥയായ താങ്കൾ സർക്കാരിന്റെ അനുമതിയില്ലാതെ ഡി.എൻ.ബി. കോഴ്സിന് ചേർന്നത് ഗുരുതരമായ അച്ചടക്കലംഘനമാണ്. ഓഫീസ് മേധാവിയും കൺട്രോളിംഗ് ഓഫീസറും വകുപ്പ് മേധാവിയും ആവർത്തിച്ചാവശ്യപ്പെട്ടിട്ടും താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കുകയുണ്ടായില്ല. ഈ പ്രവർത്തി കടുത്ത അച്ചടക്ക ലംഘനവും സർക്കാർ നിയമങ്ങളോടും സംവിധാനങ്ങളോടും അനാദരവ് പ്രകടിപ്പിക്കലുമാണ്. ആയതിനാൽ ഡോക്ടർ മരിയ ജോസഫ് എന്ന താങ്കൾക്കെതിരെ ചുമത്തിയിരുന്ന എല്ലാ കുറ്റങ്ങളും സംശയലേശമെന്യേ തെളിഞ്ഞിരിക്കുകയാണ്.

താങ്കളുടെ മേൽപ്രവർത്തികൾ താങ്കളെ സർവീസിൽ നിന്നും പുറത്താക്കുന്നതിനു മതിയായ കാരണങ്ങളാണ്.

4. ആയതിനാൽ മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ചേർത്തല ഇഎസ്.ഐ. ഡിസ്പെൻസറിയിലെ എ.ഐ.എം.ഒ. ഡോ.മരിയ ജോസഫ് എന്ന താങ്കൾക്കെതിരെയുള്ള കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, താങ്കളെ KCS (CC&A) Rules 1960 Rule 11 (VII) പ്രകാരം 28.01.2020 തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിനായി താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകമോ നോട്ടീസ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകമോ താങ്കൾക്ക് രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. എസ്. മാലിനി
ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ഡോ. മരിയ ജോസഫ്, എ.ഐ.എം.ഒ.
ഇ.എസ്.ഐ. ഡിസ്പെൻസറി, ചേർത്തല

പകർപ്പ്:-
1. സെക്രട്ടറി, ലേബർ & സ്കിൽസ് (എഫ്) , ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, മദ്ധ്യ മേഖല, എറണാകുളം
3. ഐ.എം.ഒ., ഇ.എസ്.ഐ.ഡി. ചേർത്തല (നോട്ടീസിന്റെ രണ്ട് പകർപ്പുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഡോ.മരിയ ജോസഫിന്റെ കൈപ്പറ്റ് രസീത് രേഖപ്പെടുത്തിയ പകർപ്പ് തിരികെ അയക്കേണ്ടതാണ്)
4. ഇ 1 സെക്ഷൻ/ഇ 3 സെക്ഷൻ
5. ഇ-മെയിൽ/വെബ് സൈറ്റ്
6. ഫയൽ/സ്റ്റോക്ക് ഫയൽ